(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടികൾ 2015-16 വർഷത്തെ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കിയശേഷമേ ആരംഭിക്കാൻ നിർവ്വാഹമുള്ളൂ.

പ്ലസ് ടു അഡ്മിഷൻ

35 (3758) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പ്ലസ്ടു കോഴ്സിന് നിരവധി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) കഴിഞ്ഞ കാലങ്ങളിൽ പ്ലസ്ടു കോഴ്സുകൾ അനുവദിച്ചിട്ട് ആരംഭിക്കാത്ത സ്കൂളുകളുടെ ബാച്ചുകൾ റദ്ദ് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 2015-16 അദ്ധ്യയന വർഷം സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനം നേടുന്നതിനായി 5,18,353 അപേക്ഷകൾ ലഭിച്ചിരുന്നു. മുഖ്യ അലോട്ട്മെന്റിന്റെ അവസാന അലോട്ട്മെന്റിന് ആകെ 2,42,853 സീറ്റുകൾ ലഭ്യമായിരുന്നു. പ്രസ്തുത അലോട്ട്മെന്റിൽ 2,42,412 (99.82%) വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിക്കുകയുണ്ടായി. 2015 ജൂലൈ 8-ന് ക്ലാസുകൾ ആരംഭിച്ചു. തുടർന്ന് നിലവിൽ മെരിറ്റ് ക്വാട്ടയിലും സ്പോർട്സ് ക്വാട്ടയിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അനുവദിച്ചു.

9-7-2015-ലെ സ.ഉ.(കൈ) നമ്പർ 182/2015/പൊ.വി. പ്രകാരം പ്ലസ് വൺ പ്രവേശനത്തിനുള്ള സീറ്റുകളിൽ 20% മാർജിനൽ വർദ്ധനവ് അനുവദിച്ചു. അതനുസരിച്ച് സർക്കാർ മേഖലയിൽ 28190 സീറ്റും എയ്ഡഡ് മേഖലയിൽ 17624 സീറ്റും ലഭ്യമായിട്ടുണ്ട്. (ആകെ 45814 സീറ്റുകൾ). തുടർന്ന് സപ്ലിമെന്ററി അലോട്ട്മെന്റുകളും അവശേഷിക്കുന്നുണ്ട്. മുഖ്യ അലോട്ട്മെന്റിനുശേഷം ഒഴിവുള്ള സീറ്റും മാർജിനൽ വർദ്ധനവും ഉൾപ്പെടെ ആകെ 67890 സീറ്റുകൾ സപ്ലിമെന്ററി അലോട്ട്മെന്റിന് ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ മാനേജ്മെന്റ്/കമ്മ്യൂണിറ്റി/അൺഎയ്ഡഡ് എന്നീ വിഭാഗങ്ങളിൽ ആകെ 1,15,458 സീറ്റും ലഭ്യമാണ്. (മാനേജ്മെന്റ് ക്വാട്ടയിൽ 38609 സീറ്റും കമ്മ്യൂണിറ്റി ക്വാട്ടയിൽ 21119 സീറ്റും അൺ എയ്ഡഡ് മേഖലയിൽ 55730 സീറ്റും) പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ചവരിൽ തന്നെ സംസ്ഥാനത്ത് ലഭ്യമായ 26750 വി.എച്ച്.എസ്.ഇ. സീറ്റുകളിലും 61429 ഐ.റ്റി.ഐ. സീറ്റുകളിലും 9990 പോളിടെക്നിക് സീറ്റുകളിലും പ്രവേശനം നേടുമെന്നതിനാൽ അഡ്മിഷൻ പ്രക്രിയ അവസാനിക്കുമ്പോൾ പ്ലസ് വൺ പ്രവേശനം ലഭിക്കാത്തവർ ഉണ്ടാകാനിടയില്ല. പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച 5,18,353 അപേക്ഷകരിൽ ഒന്നിലധികം ജില്ലകളിൽ അപേക്ഷിച്ചവരും ഉൾപ്പെടുന്നുണ്ട്.

(സി&ഡി) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് യുക്തമായ നടപടി കൈക്കൊള്ളുന്നതാണ്.

പ്ലസ് ടു അദ്ധ്യാപകരുടെ ഒഴിവുകൾ

36 (3759) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പ്ലസ് ടു തലംവരെ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

പ്ലസ് വൺ പ്രവേശനം

37 (3760) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിന് ഓരോ ജില്ലയിലും വർദ്ധിപ്പിച്ച സീറ്റുകൾ എത്രയെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ജില്ലയിലും പ്രവേശനത്തിനായി എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) വർദ്ധിപ്പിച്ച സീറ്റുകളിൽ പ്രവേശനം നടത്തിയാലും അപേക്ഷ നൽകിയിട്ടുള്ള എത്ര വിദ്യാർത്ഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിക്കില്ല എന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly